# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 762 — 28-09-2011-ൽ മറുപടിയ്ക്ക്

## ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **(എ)** ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനും ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | **(എ)** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഭാരതപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് മാസംതോറും ജലസാമ്പിളുകൾ ശേഖരിച്ച് നദീജലഗുണനിലവാരം നിർണ്ണയം ചെയ്തുവരുന്നു. സംസ്ഥാന ജലനയം അടിസ്ഥാനമാക്കി ജലസ്രോതസ്സുകളുടെ സംരക്ഷണാർത്ഥം സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനായി കേരളാ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചെങ്കിലും ബിൽ കാലയളവിൽ പാസാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസ് പുനർ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. അതോറിറ്റി നിലവിൽ വരുന്നതോടെ മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഉൾപ്പെടെ വിവിധ വകുപ്പു മേധാവികൾ അംഗങ്ങളായുള്ള അതോറിറ്റി രൂപീകരിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പ് വരുത്താനാകും |

സെക്ഷൻ ഓഫീസർ